കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ചിങ്ങോലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി11-861/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 06.07.2017

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചിങ്ങോലി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചിങ്ങോലി ഗ്രാമപഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-1ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി11-861/17 തിയതി: 06.07.2017

# ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.21.10.16 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21.6.17.2017 മുതൽ<br>30.6.2017 വരെ | ശ്രീ. ബി.ലിജിലാൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി.ദീപ.കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.<br>ശ്രീമതി.രാജി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| 1) പ്രസിഡന്റ് | |
| ശ്രീമതി.എച്ച്.നിയാസ് | 01.4.2016 മുതൽ 31.3.17വരെ. |
| 2) സെക്രട്ടറി | |
| ശ്രീസുരേഷ് പ്രഭു. | 01.4.2016മുതൽ 31.3.17വരെ. |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ബിന്ദു സാറാ എബ്രഹാം | 01.04.2016 മുതൽ 31.03.2017വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.അംബിക | 01.04.2016 മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ലക്ഷ്മി.എസ്. നായർ. | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.സുനിൽ.ആർ. | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം). | ഡോ.പമീല | 01.04.2016 മുതൽ 31.03.2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രിയ | 01.04.2016 മുതൽ 31.03.2017വരെ |
| ഹെഡ് മിസ്ട്രസ്സ്, ചൂരവിള എൽ.പി. എസ്. | ശ്രീമതി.ഗംഗ.പി. | 01.04.2016 മുതൽ 31.03.2017വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.എസ്.ഷീല<br>ശ്രീ.അനിൽകുമാർ | 01.04.2016 മുതൽ 11.07.2016 വരെ<br>12.07.2016 മുതൽ 31.03.2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ബിജു.കെ.കെ. | 01.04.2016 മുതൽ 31.03.2017വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ശ്രീദേവി.പി.<br>ശ്രീ.കെ.വിദ്യാധരൻ | 01.04.2016 മുതൽ 27.12.2016 വരെ<br>09.01.2017മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ.) | ഡോ. അനുജി | 01.04.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| *ഭാഗം – 1* | | |
| 1 | 1-1 മുതൽ 1-10 വരെ | പൊതു അവലോകനം |
| *ഭാഗം – 2* | | |
| 2 | 2-1 | തനതുഫണ്ട് അക്കൌണ്ടിന് പലിശ ലഭിക്കുന്നില്ല. |
| 3 | 2-2 | സഞ്ചയ സോഫ്റ്റ് വെയർ -നികുതി വിവരങ്ങൾ പൂർണ്ണമല്ല. |
| 4 | 2-3 | വസ്തുനികുതി -പിരിവ് കാര്യക്ഷമമല്ല. |
| 5 | 2-4 | കൃഷ്ണേന്ദു ആയുർവേദ സുഖചികിത്സാകേന്ദ്രം-കോടതി തീരുമാനത്തിന് വിധേയമായി കുടിശ്ശിക ഈടാക്കേണ്ടതാണ്. |
| 6 | 2-5 | അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കുന്നില്ല. |
| 7 | 2-6 | ആംബുലൻസ് ലേലം - യഥാസമയം നടപടി സ്വീകരിച്ചില്ല -സംരക്ഷണമില്ലാതെ വാഹനം നശിക്കുന്നു. |
| 8 | 2-7 | സ്ഥാപന നികുതി, ലൈസൻസ് നടപടികളിൽ വീഴ്ച. |

| | | |
|---|---|---|
| *ഭാഗം – 3* | | |
| 9 | 3-1 | തെങ്ങിൻതൈ വിതരണം (ജനറൽ) – പഞ്ചായത്തിന് 67500/- രൂപയുടെ അധിക ചെലവ് |
| 10 | 3-2 | മരാമത്ത് വേലകളുടെ ബില്ലിൽ നിയമാനുസൃത കുറവുകൾ വരാതിരിക്കുക വഴി അധികചെലവ് |
| 11 | 3-3 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വീഴ്ച - ചെലവ് 19% മാത്രം. |
| 12 | 3-4 | ടെണ്ടർ ഫീസ്- പഞ്ചായത്തിന് അർഹമായ തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല |
| 13 | 3-5 | ഇ.എം.എസ്. ഭവനപദ്ധതി- തുക കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും ഭവനനിർമ്മാണം പൂർത്തികരിച്ചില്ല |
| 14 | 3-6 | പട്ടികജാതി വിദ്യർത്ഥികൾക്ക് പഠനമുറി - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 15 | 3-7 | ആരോഗ്യമേഖലയിലെ മരുന്ന് വാങ്ങൽ പദ്ധതികൾ - നൽകിയ തുകക്കുള്ള മരുന്നുകൾ ലഭിച്ചില്ല – ചെലവ് തുക നിരാകരിക്കുന്നു. |
| 16 | 3-8 | ഗ്യാസ് കണക്ഷൻ - ചെലവ് രേഖകൾ ഹാജരാക്കിയില്ല – തുക നിരാകരിക്കുന്നു |
| 17 | 3-9 | നാഷണൽ പെൻഷൻ സ്കീം-ജീവനക്കാരന്റെ ഗ്രാമപഞ്ചായത്ത് വിഹിതം ഒടുക്കിയില്ല. |
| 18 | 3-10 | രേഖകൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു |
| 19 | 3-11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വേതനകുടിശ്ശിക 88.93 ലക്ഷം |
| *ഭാഗം – 4* | | |
| 20 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 21 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്.

2016-17 വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 4,90,00,930 | 4,47,52,500 |

| | | |
|---|---|---|
| വാർഷിക കണക്ക് പ്രകാരം | 3,79,04,971 | 3,70,00,254 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2017 | 20.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് വിശേഷണ്ങ്ങോട് കൂടിയ (ക്വാളിഫൈഡ്) സർട്ടിഫിക്കറ്റ് നൽകുന്നു. (വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 4 ൽ ഖണ്ഡിക 4-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 79,38,701 |
| വരവ് | 3,79,04,971 |
| ആകെ | 45,843,672 |
| ചെലവ് | 3,70,00,254 |
| നീക്കിയിരിപ്പ് | 88,43,418 |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | അലോട്ട്മെന്റ് | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ചത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| ജനറൽ | 6529957 | 5402787 | 5402787 | 82.74% |
| എസ്.സി. പി | 2769777 | 2054030 | 2054030 | 74.5% |
| ടി.എസ്.പി | 36978 | 26180 | 26180 | 70.80% |
| സി.എഫ്. സി | 3661820 | 3145659 | 3145659 | 85.9% |
| കെ. എൽ.ജി. എസ്.ഡി.പി | 1953529 | ... | ... | .... |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 2554755 | 1917092 | 1917092 | 75.04% |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 2596599 | 157312 | 157312 | 6.06% |
| എൻ.ആർ. ഇ. ജി. എസ് | 28399418 (1834 മുന്നിരിപ്പ് ഉൾപ്പെടെ) | 28362488 | 28362488 | 99.87% (36930/- നീക്കിയിരുപ്പ്) |
| ബി.ഫണ്ട് | 21145605 | 21145605 | 21145605 | 100% |

കെ.എൽ.ജി.എസ്.ഡി.പി. ധനസഹായമിനത്തിൽ പഞ്ചായത്തിന് തൻവർഷം 19,53,529/- രൂപ ലഭിച്ചുവെങ്കിലും തുകയൊന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനത്തിലെ ചെലവാകട്ടെ 6% മാത്രമാണ്. സമയബന്ധിതമായി ചെലവഴിക്കാതിരിക്കുന്നതു മൂലം നിർദ്ദിഷ്ടാവശ്യങ്ങൾക്കായി ലഭിക്കുന്ന പദ്ധതി തുക നഷ്ടമാകുന്നത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വിവിധ ഗ്രാന്റിനങ്ങളിൽ സർക്കാരിൽ നിന്ന് ലഭിക്കുന്ന തുക പഞ്ചായത്തിലെ ജനോപകാരപ്രദമായ വികസനപദ്ധതികൾക്കായി വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 85 | 32156494 | 58 | 22111185 | 5 | 22 | 68.76% |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 70% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 30,10,452 | 44,76,579 | 14,66,127 | 48.7% |
| നികുതിയേതര വരവുകൾ | 3,56,592 | 2,65,245 | (-)91347 | (-)25.61% |
| മറ്റ് വരവുകൾ | 1,48,104 | 97,171 | (-)50,933 | (-)34.39% |
| ആകെ | 35,15,148 | 48,38,995 | 13,23,847 | 37.6% |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 219960 | 134 |
| കർഷകതൊഴിലാളി പെൻഷൻ | 4966500 | 492 |
| വിധവാപെൻഷൻ | 5469360 | 490 |
| വാർദ്ധക്യകാലപെൻഷൻ | 8672260 | 885 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1237615 | 123 |
| അവിവാഹിതപെൻഷൻ | 519910 | 51 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60,000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.6.17ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1086/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.06.2017 | 5/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2017 മുതൽ 22.02.2017 വരെ | 2011-12 മുതൽ 2015 16 വരെ | 27.03.2017 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനതുഫണ്ട് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ തനതുഫണ്ട് നിക്ഷേപിക്കുന്നത് ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിന്റെ ഹരിപ്പാട് ശാഖയിലാണ്. (അക്കൗണ്ട് നം.237). സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആണെങ്കിലും നിലവിൽ ഇതിന് പലിശ വരവില്ല. പാസ്ബുക്ക് പ്രകാരം 31.3.17 ൽ 6637524/-രൂപ നീക്കിയിരുപ്പുണ്ട്. ബാങ്ക് അധികൃതരുമായി ബന്ധപ്പെട്ട് തനതുഫണ്ട് നിക്ഷേപത്തിന് പലിശ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 സഞ്ചയ സോഫ്റ്റ് വെയർ -നികുതി വിവരങ്ങൾ പൂർണ്ണമല്ല.

പതിമൂന്ന് വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ 2011 ലെ നികുതി പരിഷ്കരണത്തിന്റെ ഭാഗമായി എല്ലാ നികുതിദായകരുടെയും നികുതി വിവരങ്ങൾ ഉൾപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയർ അപ്ഡേറ്റ് ചെയ്തിട്ടില്ല. സഞ്ചയ സിസ്റ്റത്തിലെ എൻട്രികൾ പൂർണ്ണമായിട്ടില്ലാത്ത സാഹചര്യത്തിൽ ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടുമില്ല. ആയതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ വസ്തുനികുതി -ഡിമാന്റ്,കളക്ഷൻ ബാലൻസ് തുകകളുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. മുൻവർഷ അക്കൗണ്ട്സിലെ ബി-15 ഷെഡ്യൂൾ പ്രകാരമുള്ള വസ്തുനികുതിയുടെ കുടിശ്ശിക തുകയേക്കാൾ (1343258/-) അധികമാണ് തൻവർഷം RP-43 പ്രകാരമുള്ള വരവ് (1562985/-) എന്നത് ഡിസിബി തയ്യാറാക്കിയതിലെ കൃത്യത ഇല്ലായ്മക്ക് ഉദാഹരണമാണ്.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് മാറി മാറി വന്ന ഉത്തരവുകൾ കാരണം സോഫ്റ്റ് വെയറിലെ എൻട്രികളിൽ നിരവധി അപാകതകൾ ഉണ്ടായിട്ടുണ്ടെന്നും അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്നും ഓഡിറ്റ് അന്വേഷണം നം.9/29.06.17 ന് നൽകിയ മറുപടിയിൽ അറിയിച്ചു. അപാകതകൾ പരിഹരിച്ച് 30.6.17 ന മുൻപ് സാക്ഷ്യപത്രം നൽകണമെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനങ്ങൾ ഇതുവരെയും പൂർണ്ണമായിട്ടില്ല. ഹരിപ്പാട് നഗരസഭ

രൂപീകരിച്ചപ്പോൾ പഞ്ചായത്തിന്റെ ഭാഗമല്ലാതായ വാർഡ്-3ലെ വസ്തുനികുതി തുക 2016-17ലെ സഞ്ചയ ഡിമാന്റിലും ഉൾപ്പെട്ടിട്ടുണ്ട്. അപാകതകൾ പൂർണ്ണമായും പരിഹരിച്ച് സഞ്ചയ സിസ്റ്റം അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി -പിരിവ് കാര്യക്ഷമമല്ല.

ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരം കറന്റ് കളക്ഷനിൽ 68% വും (ഡിമാന്റ്- 254333/-, കളക്ഷൻ-1741354/-) കുടിശ്ശിക ഇനത്തിൽ 51% വും (ഡിമാന്റ് - 3085080/-, കളക്ഷൻ – 1562985/-) മാത്രമാണ് വരവുള്ളത്. ഹരിപ്പാട് നഗരസഭ രൂപീകരിച്ചപ്പോൾ പഞ്ചായത്തിന്റെ ഭാഗമല്ലാതായ വാർഡ്-3ൽ 31.10.2015 വരെ വസ്തുനികുതി ഇനത്തിൽ 319678/- രൂപ കുടിശ്ശികയുള്ളപ്പോൾ 74562/- രൂപ മാത്രമാണ് പിരിച്ചെടുത്തത്. സഞ്ചയ സോഫ്റ്റ് വെയറിൽ അപാകതകൾ ഉള്ളതിനാൽ ഡിസിബി സ്റ്റേറ്റ്മെന്റിലെ കൃത്യതയിൽ വ്യക്തത ഉണ്ടാകുന്നില്ല. നഗരസഭയുടെ ഭാഗമായ വാർഡ് 3 ലെ കുടിശ്ശികയുടെ കൃത്യമായ കണക്ക് തയ്യാറാക്കി, നഗരസഭാ അധികൃതർക്ക് നൽകി തുക ഈടാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. മറ്റ് വാർഡുകളിലെയും കുടിശ്ശിക നികുതി പിരിവ് ഊർജിതമാക്കി തുകകൾ കാലഹരണപ്പെട്ടു പോകാതെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 കൃഷ്ണേന്ദു ആയൂർവേദ സുഖചികിത്സാകേന്ദ്രം-കോടതി തീരുമാനത്തിന് വിധേയമായി കുടിശ്ശിക ഈടാക്കേണ്ടതാണ്.

കൃഷ്ണേന്ദു ആയൂർവേദ സുഖചികിത്സാകേന്ദ്രത്തിന്റെ (VII/26) വസ്തുനികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട് രണ്ടു കേസുകളാണ് ബഹു. ഹൈക്കോടതിയിൽ നിലവിലുള്ളത്. ആയൂർവേദ ചികിത്സാകേന്ദ്രമായ തന്റെ സ്ഥാപനത്തിന് സുഖചികിത്സാകേന്ദ്രം എന്ന് രേഖപ്പെടുത്തി നികുതി പരിഷ്കരണത്തിന്റെ ഭാഗമായി അധികവസ്തുനികുതി ചുമത്തി എന്ന് ആരോപിച്ചാണ് ആദ്യ കേസ് (WP(c)1453/16) ഫയൽ ചെയ്തത്. മൂന്ന് നിലകളിലായി 1056.95ച.മീറ്റർ തറവിസ്തീർണ്ണമുള്ള സ്ഥാപനത്തിന് നിശ്ചയിച്ച അടിസ്ഥാന വസ്തുനികുതി 158542.5/-(1056.95 x 150) രൂപയാണ്. വർദ്ധനവുകൾ കൂടി പരിഗണിച്ച് നിശ്ചയിച്ച വസ്തുനികുതി 190251/- രൂപയുമാണ്.

നടപടികൾ മൂന്ന് മാസത്തേക്ക് നിർത്തിവെക്കുന്നതിനും വസ്തുനികുതിയുടെ പകുതി തുക ഒടുക്കുന്നതിനും നിർദ്ദേശിച്ച് 08.04.2016ൽ കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം 2014-15, 2015-16, 2016-17 വർഷങ്ങളിൽ വസ്തുനികുതിയുടെ പകുതി തുകയാണ് ഉടമസ്ഥൻ ഒടുക്കിയിട്ടുള്ളത്. 2013-14 വർഷം പഴയ നിരക്കിലുള്ള തുക (165240/-) യാണ് അടച്ചത്. കോടതി നടപടികൾ നിലനിൽക്കെ ഊർജ്ജിത നികുതി പിരിവിന്റെ ഭാഗമായി സർക്കാർ ഉത്തരവ് വന്നപ്പോൾ പഞ്ചായത്തിൽ നിന്നും ഡിമാന്റ് നോട്ടീസ് നൽകിയപ്പോളാണ് രണ്ടാമത്തെ കേസ് ഫയൽ (WP(c)9931/17) ചെയ്തത്. കേസുകളിൽ അന്തിമ തീരുമാനം വന്നിട്ടില്ല.

കോടതി തീരുമാനത്തിന് വിധേയമായി കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.9/29.06.17 നുള്ള മറുപടിയിലാണ് വിശദാംശങ്ങൾ നൽകിയത്. )

## 2-5 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹോളിട്രിനിറ്റി സ്കൂൾ (2/249, 250, 251) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനമാണ്. ഹോളിട്രിനിറ്റി സ്കൂളിന്റെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും സ്ഥാപനം തുക ഒടുക്കിയിട്ടില്ല. 49590/ആർ, സി-1/2011 ത.സ്വ.ഭ.വ 12.4.12ഉത്തരവ് പ്രകാരം അൺഎയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വസ്തുനികുതി ബാധകമാണ്. എന്നാൽ സർക്കാരിന്റെ അംഗീകാരം ഉള്ള ഹയർ സെക്കന്ററി തലം വരെയുള്ള സ്ഥാപനങ്ങളുടെ വിദ്യാഭ്യാസ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും ഹോസ്റ്റൽ കെട്ടിടങ്ങളെയും നികുതി അടക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സ്ഥാപനത്തിന്റെ സർക്കാർ അംഗീകാരം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല എന്നും അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ

അസ്സോസിയേഷൻ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസിന്റെ തീരുമാനം വരുന്നതുവരെ തുടർ നടപടികൾ സ്വീകരിക്കരുതെന്ന് മാനേജർ ആവശ്യപ്പെട്ടിട്ടുണ്ടെന്നുമാണ് ഓഡിറ്റ് അന്വേഷണം നം. 9/29.06.17 ന് മറുപടി നൽകിയത്. രേഖകൾ പരിശോധിച്ച് സ്ഥാപനത്തിന്റെ സർക്കാർ അംഗീകാരത്തിൽ വ്യക്തത വരുത്തി, കോടതി തീരുമാനത്തിന് വിധേയമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ആംബുലൻസ് ലേലം - യഥാസമയം നടപടി സ്വീകരിച്ചില്ല -സംരക്ഷണമില്ലാതെ വാഹനം നശിക്കുന്നു.

1997-98 വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ വാങ്ങിയ KL-04F-2056 മാരുതി ഓമ്നി ആംബുലൻസിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 29.07.2009 വരെയാണ് വാഹനം ഓടിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ, ആംബുലൻസ് പരസ്യലേലം ചെയ്യുന്നതിനുള്ള അനുമതിക്കായി 01.3.2010 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. തുടർന്ന്, മാവേലിക്കര മെക്കാനിക്കൽ സബ്ഡിവിഷണൽ അസിസ്റ്റന്റ് എഞ്ചിനീയർ 15.12.2010 ൽ വാഹനത്തിന് 65,000/- രൂപ വാല്യുവേഷൻ നിശ്ചയിച്ച നൽകി. ഇത് പ്രകാരം വാഹനത്തിന് 16.7.2012 ൽ ലേലവും 17.01.2013 ൽ പുനർലേലവും നടത്തിയെങ്കിലും ആരും പങ്കെടുത്തിട്ടില്ല. 15.12.2010 ൽ വാല്യുവേഷൻ ലഭിച്ച വാഹനത്തിന്റെ ലേല നടപടികളിൽ ഇത്രയധികം താമസമുണ്ടായത് വിഷയത്തിൽ അധികൃതർ വേണ്ടത്ര ശ്രദ്ധ കാട്ടിയില്ല എന്നതിന്റെ തെളിവാണ്.

ആദ്യം ലഭിച്ച വാല്യുവേഷൻ പ്രകാരം യഥാസമയം നടപടികൾ സ്വീകരിക്കാതെ, 24.05.14 ൽ പുനർ മൂല്യ നിർണ്ണയത്തിനായി മെക്കാനിക്കൽ സബ്ഡിവിഷണൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകി. ഇത് പ്രകാരം വാഹനത്തിന് 20,000/- രൂപ മൂല്യം നിശ്ചയിച്ച് നൽകി. യഥാസമയം നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ തന്നെ വിലയിൽ 31% കുറവ് വന്നു. വാഹനം ലേലം ചെയ്യുന്നതിനുള്ള അനുമതിക്കായി 3.12.2014 ൽ പഞ്ചായത്ത് ഡയറക്ടർക്ക് കത്തു നൽകിയെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നതാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, വാഹനത്തിന് നിശ്ചയിച്ച നൽകിയ വില വളരെ കൂടുതലായതിനാലാണ് ആദ്യ ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നതെന്നും വീണ്ടും വാഹനത്തിന്റെ വാല്യുവേഷൻ എടുത്തുവെങ്കിലും പരസ്യ ലേലത്തിന് സർക്കാരിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ ആണ് തുടർ നടപടികൾ സ്വീകരിക്കാതിരുന്നതെന്നുമാണ് മറുപടി നൽകിയത്.

ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ നിലവിൽ ഈ ആംബുലൻസ് യാതൊരു സംരക്ഷണവും ഇല്ലാതെ മൃഗാശുപത്രി പരിസരത്ത് സൂക്ഷിച്ചിരിക്കുകയാണ്. 2,38,609/- രൂപ ചെലവഴിച്ച് വാങ്ങിയ വാഹനം യാതൊരു മൂല്യവും ലഭിക്കാതെ തുരുമ്പെടുത്ത് പൂർണ്ണമായും നശിക്കുമെന്നതിനാൽ എത്രയും വേഗം വാഹനം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-7 സ്ഥാപന നികുതി, ലൈസൻസ് നടപടികളിൽ വീഴ്ച.

എ) സ്ഥാപന നികുതി :-

ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി, ബി.എസ്.എൻ.എൽ, കള്ളുഷാപ്പുകൾ, റേഷൻ കടകൾ എന്നിവയുടെ സ്ഥാപനനികുതി രണ്ട് അർദ്ധ വർഷങ്ങളിലും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല . തുക ഈടാക്കുന്നതിന് ഈ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട് എന്നാണ് ഓഡിറ്റ് അന്വേഷണം നം.9/29.06.17 ന് മറുപടി നൽകിയത്. സ്ഥാപന നികുതി ഈടാക്കി വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി) ഡി &ഒ ലൈസൻസ് :-

കേരളാപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 (1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ

പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഡി&ഒ ലൈസൻസ് ഇല്ലാതെയാണ് ആറ് റേഷൻകടകളും ഒരു കള്ളുഷാപ്പും പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. പഞ്ചായത്ത് രാജ് ലൈസൻസ് ചട്ടങ്ങളിലെ പട്ടിക ഒന്ന് പ്രകാരം ഈ സ്ഥാപനങ്ങൾക്കും ലൈസൻസ് ബാധകമാണ്.ആയതിനാൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരം ശേഖരിയ്ക്കേണ്ടതും കേരളാ പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ-232(1) പ്രകാരം സെക്രട്ടറി നൽകുന്ന അനുമതിയോടെയാണ് പ്രവർത്തനം നടത്തുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തെങ്ങുംതൈ വിതരണം (ജനറൽ) – പഞ്ചായത്തിന് 67500/- രൂപയുടെ അധിക ചെലവ്

പ്രോജക്ടിന്റെ പേര് – തെങ്ങുംതൈ വിതരണം (ജനറൽ)

പ്രോജക്ട് നമ്പർ – S0155/17

അടങ്കൽ – 5,20,000/- (വികസനഫണ്ട് – 3,90,000/-,

ഗുണഭോക്തൃ വിഹിതം - 1,30,000/-)

ചെലവ് – ബിൽ നമ്പർ - 520/2601107, തീയതി. 27.03.2017 - 3,90,000/-

ചെക്ക് നമ്പർ – 964963/17.5.17- 1,30,000/-

പ്രോജക്ടിലുൾപ്പെടുത്തി 5200 തെങ്ങുംതൈ വാങ്ങിയതിന് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, അമ്പലപ്പുഴ ശാഖയ്ക്ക് (ഇൻവോയ്സ് നമ്പർ AMB/ 133/16-17 തീ. 20.3.17) 5,20,000/- രൂപ (75X2600(CGD)+ 125X2600(D*T)) നൽകിയിട്ടുണ്ട്. പ്രോജക്ടും അനുബന്ധരേഖകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ന്യൂനതകൾ കാണുന്നു.

സർക്കാർ ഉത്തരവ് മുഖേനെ പ്രത്യേകം അനുവദിച്ചിട്ടുള്ള സംഗതികളില്ലാതെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് ക്വട്ടേഷൻ കൂടാതെ നേരിട്ട് വാങ്ങാൻ അനുവാദമില്ലന്നിരിക്കെ തെങ്ങിൻ തൈ നേരിട്ടാണ് വാങ്ങിയത്. വിത്തുകളും തൈകളും കെയ്ക്കോയിൽ നിന്ന് നേരിട്ട് വാങ്ങുന്നതിന് സർക്കാർ ഉത്തരവില്ല. ഇപ്രകാരം വാങ്ങൽ നടത്തുന്നതിന് മുൻപ് ജില്ലാ കൃഷി തോട്ടം, കായംകുളം പ്രാദേശിക കൃഷി വിജ്ഞാന കേന്ദ്രം, വി.എഫ്.പി.സി.കെ, സി.പി.സി.ആർ.ഐ. കൃഷ്ണപുരം എന്നീ സ്ഥാപനങ്ങളിൽ തെങ്ങിൻ തൈയുടെ ലഭ്യത സംബന്ധിച്ച് അന്വേഷണം നടത്തിയതായോ, തെങ്ങിൻ തൈ ലഭ്യമല്ല എന്ന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും അറിയിപ്പ് ലഭിച്ചതായോ കാണുന്നില്ല. മേൽതരം തെങ്ങിൻതൈകൾ ഉത്പാദിപ്പിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ ജില്ലയിൽ തന്നെ ഉണ്ടായിരിക്കെ കാർഷിക ഉപകരണങ്ങൾ ഉണ്ടാക്കുന്ന ഒരു സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ കൂടാതെ വാങ്ങൽ നടത്തിയ നടപടി ക്രമപ്രകാരമല്ല.

AMB/ 133/16-17 തീ. 20.3.17 നമ്പർ ഇൻവോയ്സ് പ്രാകാരം D*T തെങ്ങിൻതൈകൾ ഒരെണ്ണത്തിന് 125/- രൂപയ്ക്കാണ് ചിങ്ങോലി പഞ്ചായത്തിൽ വാങ്ങിയിട്ടുള്ളത്. എന്നാൽ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ തൊട്ടടുത്ത മുതുകുളം ഗ്രാമപഞ്ചായത്തിൽ ഇതേ കാലയളവിൽ D*T തെങ്ങിൻതൈകൾ ഒരെണ്ണത്തിന് 99/- രൂപയ്ക്കാണ് (ഇൻവോയ്സ് നം. V-344A/16-17, തീയതി. 28.03.2017) അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തന്നെ തിരുവല്ല ശാഖയിൽ നിന്ന് ക്വട്ടേഷൻ കൂടാതെ നേരിട്ട് വാങ്ങിയിട്ടുള്ളത്. ഒരു സ്ഥാപനത്തിന്റെ തന്നെ വ്യത്യസ്ത ശാഖകളിൽ നിന്ന് ഒരേ കാലയളവിൽ D*T തെങ്ങിൻതൈകൾ വാങ്ങിയപ്പോൾ ഒരെണ്ണത്തിന് 26/- രൂപ അധികം നൽകേണ്ടിവന്നു. 67,600/- രൂപയുടെ (26x2600) അധികചെലവാണ് പഞ്ചായത്തിനുണ്ടായത്.

മുകളിൽ പ്രതിപാദിച്ച അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/ 30.06.2017) അഡീഷണൽ ഫണ്ട് മാർച്ച് മാസത്തിൽ ലഭ്യമായതുമൂലമാണ്

ക്വട്ടേഷൻ ക്ഷണിക്കാൻ കഴിയാതെ വന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. തെങ്ങിൻ തൈക്ക് അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ അധികം വില ഈടാക്കിയതിന്മേൽ മറുപടി ലഭ്യമാക്കിയിട്ടുമില്ല. ആകയാൽ ഈ വാങ്ങൽ നടപടി വഴി പഞ്ചായത്തിന് അധികം ചെലവായ 67500/- രൂപ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്ന് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു. മേൽക്കാരണങ്ങളാൽ അധികച്ചെലവ് 67600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നന്നും തിരികെ ഈടാക്കാൻ തുടർനടപടി സ്വീകരിക്കാത്ത പക്ഷം ആയത് ഉത്തരവാദികളുടെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 3-2 മരാമത്ത് വേലകളുടെ ബില്ലിൽ നിയമാനുസൃത കുറവുകൾ വരാതിരിക്കുക വഴി അധികചെലവ്

ചിങ്ങോലി ഗ്രാമപഞ്ചായത്തിൽ 2016-17 വർഷം കൺവീനർമാർ മുഖേന നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്താതെ തുക അനുവദിക്കുക വഴി അധികചെലവുണ്ടായി. G O(P)30/16/ Fin 29/02/2016 നമ്പർ ഉത്തരവ് പ്രകാരം പ്രൈസ് സേഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളുടെ നിർവ്വഹണം ഗുണഭോക്തൃ സമിതി ആണെങ്കിൽ അനുവദനീയമായ ഓവർഹെഡ് ചാർജ്ജ് 7.5 % ആണ് എന്നാൽ ഇപ്രകാരം ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന വർക്കുകളുടെ നിയമാനുസൃത നികുതികൾ ഒടുക്കുവാനുള്ള ബാദ്ധ്യത ഗുണഭോക്തൃസമതികൾക്കാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെയും ഓവർഹെഡ് ചാർജിനത്തിൽ അനുവദനീയമായതിലും അധികം തുക കൺവീനർമാർക്ക് അനുവദിച്ചതും വഴിയാണ് അധികചെലവ് ഉണ്ടായിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാർത്തികപ്പള്ളി യു.പി.എസിന് അടിസ്ഥാന സൌകര്യം മെച്ചപ്പെടുത്തൽ

   പ്രോജക്ട് നം- 101/17

   എസ്റ്റിമേറ്റ്- 107628

   കൺവിനർ- സനൽകുമാർ ചെമ്പകശ്ശേരിൽ

   എഗ്രിമെൻറ് നം- 20/AE/27/03/2017

   അളവ് പുസ്കം- 89/17

   7.5 ശതമാനം ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് ഈ വർക്കിൻറെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്.ആയതിനാൽ നികുതികൾ ഒടുക്കുന്നതിനുള്ള ബാദ്ധ്യത മേൽ ഉത്തരവ് പ്രകാരം ഗുണഭോക്തൃസമിതിക്കാണ് എന്നാൽ വാറ്റ്, KCWWF എന്നി ഇനങ്ങൾ മൂല്യനിർണ്ണയത്തോട് കൂട്ടിയാണ് കൺവീനർക്ക് തുക അനുവദിച്ചത്

| | | |
|---|---|---|
| മൂല്യനിർണ്ണയത്തുക | :- | 100352 |
| (+) VAT(5%) | :- | 5018 |
| (+) KCWWF (1%) | :- | 1004 |
| അംഗീകരിച്ച മൂല്യനിർണ്ണയത്തുക | :- | 106374 |
| | | ====== |
| കുറവുകൾ | :- | |
| (-) VAT(5%) | :- | 5018 |
| (-) KCWWF (1%) | :- | 1004 |

| | | |
|---|---|---|
| (-) IT(1%) | :- | 1004 |
| ആകെ | :- | 7026 |
| | | ====== |

| | |
|---|---|
| കരാറുകാരന് നൽകിയ തുക (106374-7026) | :- 99348 (ബിൽ നം- 9/31-03-17) |
| കരാറുകാരന് നൽകേണ്ടിയിരുന്ന തുക (100352-7026) | :- 93326 |
| കരാറുകാരന് അധികം നൽകിയ തുക | :- 6022 |

2. തുണ്ടിൽ താമരശ്ശേരിൽ റോഡ് ഓട നിർമ്മാണം

പ്രോജക്ട് നം- 62/17

എസ്റ്റിമേറ്റ്- 300000

കൺവിനർ- ജോൺമാത്യു, എരുമപുരത്ത് പുത്തൻകണ്ടത്തിൽ

എഗ്രിമെൻറ് നം- 4/16-17/10-01-17

അളവ് പുസ്തക നം-86/16-17

10 % ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയത് ഈ വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന ഫില്ലിംഗ് ഒഴികെയുള്ള ജോലികൾ പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന് 148408/- മൂല്യനിർണ്ണയം നടത്തി കൺവിനർക്ക് തുക നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| മൂല്യനിർണ്ണയതുക | :- | 148408 |
| (+) VAT(5%) | :- | 7420 |
| (+) KCWWF(1%) | :- | 1484 |
| ആകെ | :- | 157312 |
| | | ====== |
| കുറവുകൾ | :- | |
| (-) VAT(5%) | :- | 7420 |
| (-) KCWWF(1%) | :- | 1484 |
| (-) റിട്ടെൻഷൻ(2.5%) | :- | 3710 |
| (-) ആദായനികുതി (1%) | :- | 1484 |
| ആകെ | :- | 40981 |
| | | ====== |

| | |
|---|---|
| കൺവിനർക്ക് നൽകിയ തുക (157312- 14098) | :- 143214 (ബിൽ നം-07/31-03-17) |
| കൺവിനർക്ക് നൽകേണ്ടിയിരുന്ന തുക (148408- 14098) | :- 134310 |
| കൺവിനർക്ക് അധികം നൽകുയതുക (143214- 134310) | :- 8904 |

എ) Go(p) 36/16/Fin/ 29/02/2016 പ്രകാരം ഗുണഭോക്തൃസമിതി നടത്തുന്ന വർക്കുകളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്ന പരമാവധി ഓവർഹെഡ് ചാർജ് 7.5 % മാത്രമാണ് എന്നാൽ ഈ വർക്കിൻറെ എസ്റ്റിമേറ്റ്

10 % ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും ഈയിനത്തിൽ 2.5 % തുക കുറവ് വരുത്താതെയാണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത്

അനുവദനീയമായ തുക – 148408 x 107.5 / 110 = 145035

ഓവർഹെഡ് ചാർജിനത്തിൽ അധികം നൽകിയ തുക - 148408- 145035 = 3373/-

മുകളിൽ പ്രതിപാദിച്ച അപാകതയിൻമേൽ വിശദീകരണം ആവിശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 4/ 24/06/2017) അധികം നൽകിയ തുക കൺവിനർമാരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കാമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജീനിയർ മറുപടി നൽകി. അധികചെലവായ 18299/-രൂപ (6022+8904+3373) ബന്ധപ്പെട്ട കൺവിനർമാരിൽ നിന്നും ഈടാക്കി വിവരം അറിയിക്കാത്തപക്ഷം ആയത് ഉത്തരവാദി ആയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കുന്നതാണ്.

## 3-3 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വീഴ്ച - ചെലവ് 19% മാത്രം.

പുതിയ 18 പ്രവൃത്തികളും 4 സ്പിൽ ഓവർ പ്രവൃത്തികളും ഉൾപ്പടെ 22 മരാമത്ത് വേലകൾക്കാണ് 2016-17 വർഷം പഞ്ചായത്തിന് അനുമതി ലഭിച്ചിരുന്നത്. ഈ 22 പ്രവൃത്തികൾക്കായി 8536565/- രൂപ വകയിരുത്തുകയും ചെയ്തിരുന്നു. പദ്ധതി നിർവ്വഹണ ഭാഗമായി 22 വേലകൾക്കും എഗ്രിമെൻറ് വച്ചുവെങ്കിലും 8 പ്രവൃത്തികൾ മാത്രമാണ് തൻവർഷം പൂർത്തീകരിച്ചിട്ടുള്ളത്. മരാമത്ത് വേലകൾക്കായി തൻ വർഷത്തെ ആകെ ചെലവ് 16,26,158/- രൂപ മാത്രമാണ്, വകയിരുത്തിയ തുകയുടെ 19 % മാത്രമാണ് ചെലവഴിക്കാൻ സാധിച്ചതെന്നത് പദ്ധതി നിർവ്വഹണത്തിലുണ്ടായ വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. സ്പിൽ ഓവറായി തുടർവർഷം ഉൾപ്പെടുത്തിയ ശേഷിച്ച വർക്കുകളിൽ 2 എണ്ണം ഓഡിറ്റ് സമയത്തും (06/2017) ആരംഭിച്ചിട്ടില്ലായെന്നും, 6 വർക്കുകൾ പ്രാരംഭഘട്ടത്തില്ലായെന്നുമാണ് അസി.എൻജീനിയർ ഇത് സംബന്ധമായി ലഭ്യമാക്കിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളത്. ആസൂത്രണം ചെയ്ത് അംഗീകാരം ലഭിച്ച പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 3-4 ടെണ്ടർ ഫീസ്- പഞ്ചായത്തിന് അർഹമായ തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല

5 ലക്ഷത്തിന് മേൽ അടങ്കൽ വരുന്ന 3 പ്രവൃത്തികൾ 2015-16 വർഷവും, 2 പ്രവൃത്തികൾ 2016-17 വർഷവും പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിരുന്നു. ഈ പ്രവൃത്തികളുടെ ടെണ്ടർ ഫീസിനത്തിൽ 2015-16 വർഷവും 15775/- രൂപയും 2016-17 വർഷം 13150/- രൂപയും ലഭിച്ചതായാണ് അസി.എൻജീനിയർ ലഭ്യമാക്കിയ രേഖകളിൽ വ്യക്തമാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടിലേക്ക് ലഭിക്കേണ്ടുന്ന ഈ തുക നിലവിൽ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജീനിയറുടെ പേരിലുള്ള അക്കൌണ്ടിലാണുള്ളത്. പഞ്ചായത്തിന് അർഹതപ്പെട്ട ഈ തുക ലഭ്യമാക്കുന്നതിന് നാളിതുവരെയും യാതൊരു നടപടിയും അധികൃതർ സ്വീകരിച്ചിട്ടില്ല ആകയാൽ ഈയിനത്തിൽ പഞ്ചായത്തിന് ലഭിയ്ക്കുന്ന 28925/- ഈടാക്കി തനത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 ഇ.എം.എസ്. ഭവനപദ്ധതി- തുക കൈപ്പറ്റി വർഷങ്ങൾ കഴിഞ്ഞിട്ടും ഭവനനിർമ്മാണം പൂർത്തികരിച്ചില്ല

ഇ.എം.എസ്. ഭവനപദ്ധതിയുടേതായി ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം 2010-11, 2011-12 കാലയളവുകളിൽ ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ ചുവടെ ചേർക്കുന്നവർ തുടർഗഡുക്കൾ കൈപ്പറ്റുകയോ ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 1. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ഗഡു |
|---|---|---|

| | | |
|---|---|---|
| 2. | ശ്രീകുമാരിപിള്ള, ധനേഷ് ഭവനം, | 3 ഗഡു |
| 3. | മിനി, പേരോട്ടിൽ,ചിങ്ങോലി | 3 ഗഡു |
| 4. | സിന്ധു, പുത്തൻവീട് | 2 ഗഡു |
| 5. | രാധ, കാവിൽ വീട് | 3 ഗഡു |
| 6. | നസ്സീമ, നസ്സീം മൻസിൽ | 1 ഗഡു |
| 7. | ഷിബു, കാട്ടിൽ കിഴക്കതിൽ | 3 ഗഡു |
| 8. | മായ,പുത്തൻവീട്ടിൽ | 3 ഗഡു |
| 9. | സുമ, പ്ലാമൂട്ടിൽ | 2 ഗഡു |
| 10. | തങ്കമ്മ, മൂടോലിൽ വടക്കതിൽ | 3 ഗഡു |

നാളിതുവരെയായിട്ടും ഇവർ തുടർഗഡുക്കൾ കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തികരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 12/30.6.17 നുള്ള മറുപടിയിൽ ക്രമ നമ്പർ 1,4,6,9 ൽ ഉൾപ്പെടുത്തിയവർ ഭവനനിർമ്മാണം പൂർത്തീകരിച്ചുവെന്നാണ്. എന്നാൽ ഇ.എം.എസ്. രജിസ്റ്റർ പ്രകാരം ഇവർ അവസാനഗഡു കൈപ്പറ്റുകയോ അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നികുതി നിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഭവനനിർമ്മാണം പൂർത്തീകരിച്ചുവെന്ന മറുപടി അംഗീകരിക്കാവു ന്നതല്ല. ബാക്കിയുള്ളവരുടെ ഭവനനിർമ്മാണം ലൈഫ് മിഷന്റെ ധനസഹായത്താൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നെന്നാണ് മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം ഇവർക്കു നൽകിയ ധനസഹായം പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

## 3-6 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി (നം- 09/ 2017) 2016- 2017 വർഷം 10 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 7 ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരിച്ചതിൻറെ അടിസ്ഥാനത്തിൽ 1 ലക്ഷം രൂപ വീതവും ശേഷിച്ച 6 പേർ പഠനമുറി നിർമ്മാണത്തിനായി 50000/- വീതവുമാണ് കൈപ്പറ്റിയിട്ടുള്ളത് ഇപ്രകാരം മുൻകൂറായി 50000/- രൂപ വീതം കൈപ്പറ്റിയ താഴെ പറയുന്ന 6 ഗുണഭോക്താക്കൾ ഓഡിറ്റ് സമയം വരെ (06/2017) വരെ നിർമ്മാണം പൂർത്തീകരിച്ച് തുടർ ഗഡു കൈപ്പറ്റിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| അനിത.ജി, നാരായണപുരം, ചിങ്ങോലി | 50000 | 23/02/2017 |
| വാസുദേവൻ, കൃഷ്ണ നിവാസ്, ചിങ്ങോലി | 50000 | 23/02/2017 |
| ലതാ ശിവൻ, ശിവാലയം, ചിങ്ങോലി | 50000 | 18/03/2017 |

| | | |
|---|---|---|
| ഗീതമ്മ.സി, മോഹനാലയം, ചിങ്ങോലി | 50000 | 10/03/2017 |
| അജയൻ, വെള്ളിശ്ശേരിൽ കിഴക്കതിൽ | 50000 | 15/03/2017 |
| രജനി, കണ്ടത്തിൽ വടക്കതിൽ, ചിങ്ങോലി | 50000 | 30/03/2017 |

മുൻകൂർ കൈപ്പറ്റിയ ശേഷം പഠന മുറിയുടെ നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളെക്കൊണ്ട് അവ എത്രയും വേഗം പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമെന്ന് ഇത് സംബന്ധമായ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (നം. 11/ 29.06.2017) നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കി. പൂർത്തീകരണ രേഖകളുടെ അഭാവത്തിൽ ടി ഗുണഭോക്താക്കൾക്ക് മുൻകൂറായി നൽകിയ 300000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ജി.ഒ.(ആർ.റ്റി) 626/16 ത.സ്വ.ഭ.വ തീയതി 15.2.16നമ്പർ ഉത്തരവിലെ നിർദേശങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കൊണ്ട് പഠനമുറി നിർമ്മാണം പൂർത്തീകരിക്കുവാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ആരോഗ്യമേഖലയിലെ മരുന്ന് വാങ്ങൽ പദ്ധതികൾ - നൽകിയ തുകക്കുള്ള മരുന്നുകൾ ലഭിച്ചില്ല – ചെലവ് തുക നിരാകരിക്കുന്നു.

1. മെഡിക്കൽ ഓഫീസർ (ആയുർവേദം).

   പ്രോജക്ട് നം.77/17 (ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ)

   പദ്ധതിയിൽ മരുന്നുകൾക്കായി 2,50,000/- (ബിൽ നം.1/16-17 തീയതി 15.12.16) രൂപ ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, 227676/- രൂപക്കുള്ള മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ബാക്കി തുകക്കുള്ള മരുന്ന് ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/24.6.17 ന് മറുപടി നൽകിയില്ല. മരുന്നുകൾ പൂർണ്ണമായും ലഭിക്കാത്തതിനാൽ ബാക്കിയുള്ള 22324/- (250000-227626) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.
2. മെഡിക്കൽ ഓഫീസർ (ഹോമിയോ).

   പ്രോജക്ട് നം.1/16-17 (ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ).

   പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനായി 1,50,000/- (ബിൽ നം.1/16-17 തീയതി 13.02.17) രൂപ ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഇതുവരെയും മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (1/ 24.06.17) ത്തിന് മരുന്നുകൾ അടിയന്തിരമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. മരുന്നുകൾ ലഭിക്കാത്തതിനാൽ ചെലവഴിച്ച 1,50,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.
3. മെഡിക്കൽ ഓഫീസർ (പി.എച്ച്.സി).

   എ) മരുന്നുവാങ്ങൽ (പ്രോജക്ട് നം.38/17):-

   മരുന്നുകൾ വാങ്ങുന്നതിനായി 1,00,000/- രൂപ (ബിൽ നം. 2/16-17, തീയതി 20.2.17) പിൻവലിച്ച് കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. 94947/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. ബാക്കി തുകക്കുള്ള മരുന്നുകൾ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 3/24.6.17 ന് മരുന്നുകൾ അടിയന്തിരമായി നൽകുമെന്ന് സ്ഥാപനം അറിയിച്ചിട്ടുണ്ട്എന്നാണ് മറുപടി നൽകിയത്. മരുന്നുകൾ പൂർണ്ണമായും ലഭിക്കാത്തതിനാൽ ബാക്കിയുള്ള 5053/- (1,00,000-94947) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

   ബി) പാലിയേറ്റിവ് കെയർ (പ്രോജക്ട് നം.37/17) :-

   പാലിയേറ്റീവ് കെയർ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി 10,000/- രൂപ (ബിൽനം.3/16-17തീയതി 20.2.17) പിൻവലിച്ച് കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. 4731/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. മരുന്നുകൾ പൂർണ്ണമായും ലഭിക്കാത്തതിനാൽ

ബാക്കിയുള്ള 5269/- (10000-4731) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-8 ഗ്യാസ് കണക്ഷൻ - ചെലവ് രേഖകൾ ഹാജരാക്കിയില്ല - തുക നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ – S0100/17

അടങ്കൽ – 16000/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ചെലവ് – ബിൽ നമ്പർ - 4-16/17, തീ. 27.3.17- 15973/-

നിർവ്വഹണം – എച്ച്.എം, ചൂരവിള എൽ.പി.എസ്.

ചൂരവിള സ്കൂളിലേക്ക് ഗ്യാസ് സ്റ്റൌവും കണക്ഷനും എടുക്കുന്നതിനുള്ള പ്രോജക്ടിലുൾപ്പെടുത്തി 15973/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രകാശിനി ഏജൻസിയിൽ നിന്ന് കണക്ഷൻ എടുക്കുന്നതിനായി 6373/- രൂപ ചെലവഴിച്ചതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. എന്നാൽ ഗ്യാസ് സ്റ്റൌവ് വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. 9600/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കുവാൻ 5/28.6.17 നമ്പർ ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടുവെങ്കിലും രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ 9600/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 നാഷണൽ പെൻഷൻ സ്കീം-ജീവനക്കാരന്റെ ഗ്രാമപഞ്ചായത്ത് വിഹിതം ഒടുക്കിയില്ല.

23.01.16 ൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. വിനു. W. എന്ന ജീവനക്കാരൻ നാഷണൽ പെൻഷൻ സ്കീം അംഗമാണ്. ടിയാൾ 31.01.17 ൽ ഇവിടെ നിന്നും വിടുതൽ ചെയ്ത് മറ്റൊരു വകുപ്പിൽ ജോലിയിൽ പ്രവേശിച്ചു. ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ച കാലയളവിലെ ഇദ്ദേഹത്തിന്റെ പെൻഷൻ വിഹിതം ഒടുക്കിയിട്ടില്ല. PRAN നമ്പർ കിട്ടാത്തതിനാലാണ് തുക ഒടുക്കാഞ്ഞത് എന്നാണ് ഓഡിറ്റിന് ലഭിച്ച വിവരം. നിലവിൽ ഈ ജീവനക്കാരന് PRAN നമ്പർ ലഭിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് വിഹിതം ഒടുക്കിയിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ സേവനമനുഷ്ഠിച്ച കാലയളവിൽ ഇദ്ദേഹത്തിന് അർഹമായിരുന്ന സ്ഥാപനത്തിന്റെ വിഹിതം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-10 രേഖകൾ ലഭ്യമാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകൾക്കായി ചെലവഴിച്ച 77,01,579/- രൂപ സാധൂകരണരേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. ക്രമ നമ്പർ 1, 2, 3 എന്നിവ 7/28.6.17 നമ്പർ ഓഡിറ്റ് അന്വേഷണം മുഖേന രേഖകൾ ആവശ്യപ്പെട്ടിരുന്നുവെങ്കിലും വിശദാംശങ്ങൾ ഉൾപ്പെടുത്താത്ത എസ്.എസ്.എ.യുടെ സാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയത്.

| ക്രമ നം. | പ്രോജക്ടിന്റെ പേര്, നമ്പർ | ചെലവിന്റെ വിശദാംശം | റിമാർക്സ് | നിർവ്വഹണം |
|---|---|---|---|---|
| 1. | എസ്.എസ്.എ.<br>S0043/17,<br>അടങ്കൽ – 4,00,000/-<br>സി.എഫ്.സി | ബിൽ നമ്പർ - 1-16/17,<br>തീ. 31.10.16<br>4,00,000 /-<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയെങ്കിലും ഗ്രാമപഞ്ചായത്തിലെ ഓരോ സ്കൂളുകൾക്കുമായി എത്ര രൂപ ചെലവഴിച്ചുവെന്നുള്ള വിശദാംശങ്ങൾ ഇല്ല | എച്ച്.എം. |

| | | | | |
|---|---|---|---|---|
| | | | | |
| 2. | പത്താംതര തുല്യത<br>S0044/17<br>അടങ്കൽ – 10,000/-<br>വികസന ഫണ്ട് | ബിൽ നമ്പർ –<br>2-16/17 തീ. 27.3.17,<br>6300/ | തുകയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. പരീക്ഷയ്ക്ക് ശേഷം പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്. | എച്ച്.എം. |
| 3. | പന്ത്രണ്ടാംതര തുല്യത<br>അടങ്കൽ – 22,401/- | ബിൽ നമ്പർ-3-16/17 തീ. 27.3.17 –<br>17700/- | | എച്ച്.എം. |
| 4. | കുടിവെള്ളപൈപ്പുകൾ മാറ്റി സ്ഥാപിക്കൽ<br>S0089/17<br>അടങ്കൽ – 72,12,000/-<br>എൻ.ടി.പി.സി. യുടെ ധനസഹായം | ഡി.ഡി. നമ്പർ.<br>48719/1.1.0.16,<br>6437579 | പൂർത്തീകരണ വിവരം ലഭ്യമല്ല | സെക്രട്ടറി |
| 5. | വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ നീട്ടൽ<br>S0098/17<br>അടങ്കൽ – 8,40,000/<br>(വികസനഫണ്ട് – 2,80,326 + ധനകാര്യ കമ്മീഷൻ ഗ്രാന്റ് – 5,59,674) | 737/16-17/25.3.17 –<br>280326<br>740/16-17/25.3.17 –<br>559674 | പൂർത്തീകരണ വിവരം ലഭ്യമല്ല | സെക്രട്ടറി |

## 3-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- വേതനകുടിശ്ശിക 88.93 ലക്ഷം

തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ 377 പ്രവൃത്തികൾക്ക് തൻവർഷം അനുമതി ലഭിച്ചുവെങ്കിലും 213 പ്രവൃത്തികൾ മാത്രമാണ് പഞ്ചായത്തിൽ നടപ്പാക്കിയത്. മെറ്റീരിയൽ കംപോണന്റ് ഉൾപ്പെടുന്ന 56 പ്രവൃത്തികളുടെ നിർവ്വഹണഭാഗമായി സാധനങ്ങൾ സപ്ളൈ ചെയ്യുന്നതിന് എഗ്രിമെന്റ് ചമച്ചുവെങ്കിലും പ്രവൃത്തികളൊന്നും തൻവർഷം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. നടപ്പാക്കിയ പ്രവൃത്തികൾക്കായി ആകെ 28374988/- രൂപ 2016-17 വർഷം ചെലവഴിച്ചിട്ടുണ്ട്. (അഡ്മിനിസ്ട്രേറ്റീവ് ചെലവ് ഉൾപ്പടെ). ലഭ്യമാക്കിയ രേഖകൾ പ്രകാരം വേതനകുടിശ്ശിക ഇനത്തിൽ തൊഴിലാളികൾക്ക് നല്കുവാനുള്ളത് 8892720/- രൂപയാണ്. തൻവർഷം രജിസ്ററർ ചെയ്ത 90 പേർ ഉൾപ്പടെ 1914 കുടുംബങ്ങൾ തൊഴിലിനായി രജിസ്റ്റർ ചെയ്തുവെങ്കിലും 57 പേർക്ക് മാത്രമേ 100 തൊഴിൽദിനങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുള്ളു. തൊഴിലാളികളുടെ വേതനകുടിശ്ശിക ലഭ്യമാക്കുന്നതിനും, തൊഴിലിനായി രജിസ്ററർ ചെയ്ത എല്ലാവർക്കും 100 തൊഴിൽദിനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കിലെ അപാകതകൾ

1. 2015-16 ലെ ബാലൻസ് ഷീറ്റിലെ B 15 പ്രകാരം കെട്ടിട നികുതിയുടെ കുടിശ്ശിക 13,43,258/- രൂപയാണ്. എന്നാൽ 2016-17 ലെ റസീപ്റ്റ് & പേമെന്റ് അക്കൌണ്ടിലെ RP – 43 പ്രകാരം കുടിശ്ശിക കെട്ടിടനികുതി കുടിശ്ശികയുടെ വരവ് 15,62,985/- രൂപയാണ്.

2. RP -31 പ്രകാരം സംയുക്ത പ്രോജക്ടിനായി ബ്ലോക്കിൽ നിന്നും 5,20,000/- രൂപ ലഭിച്ചിട്ടുണ്ട്. എന്നാൽ സംയുക്ത പ്രോജക്ട് സംബന്ധിച്ച പത്രികയിൽ ഈ തുക ചെലവഴിച്ചിട്ടില്ലന്ന് കാണുന്നു. എന്നാൽ സംയുക്ത പ്രോജക്ടിനായുള്ള ട്രഷറി അക്കൌണ്ടിൽ സൂക്ഷിക്കാതെ ട്രഷറി റ്റി.എസ്.ബി. അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. 14/29.6.17 നമ്പർ എൻക്വയറിക്കുള്ള മറുപടിയിൽ 31.1.17 ലാണ് ഈ തുക ലഭിച്ചതെന്നും സംയുക്ത പ്രോജക്ടിനായുള്ള ട്രഷറി അക്കൌണ്ട് 4.3.17 ലാണ് ആരംഭിച്ചതെന്നുമാണ്.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 520000 | വില്ലേജ് ഓഫീസ് കൊച്ചുവീട്ടിൽ പാലേത്തറ – അംഗൻവാടി റോഡ് ടാറിംഗും റീടാറിംഗും | ---- | 520000 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 97000 | പ്രോജക്ട് നം.<br>പാലിന് സബ്സിഡി | 97000 | ---- |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 50000 | പ്രോജ.നം.<br>ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 47969 | 2031 |
| ജില്ല പഞ്ചായത്ത് | 2016-17 | 50000 | | 49500 | 500 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് വർക്കിനായി പ്രവർത്തി നടത്തുന്നതിന് തുക മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | ബിൽ നമ്പർ | തുക | അഡ്വാൻസ് | ബാലൻസ് |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | 21600377 | 7212000 | 6437579 | 774421 |
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21600377<br>2160078 | 840000 | 840000 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | 323/2010തസ്വഭവ തീയതി. 29.1.2010 | 5841000 | മുതൽ - 756317<br>പലിശ - 527878 | 756317 | ഇല്ല | 527878 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | പരാമർശം |
|---|---|---|---|
| 1999-2000 | 2003-2004 | 3.4.7.1 | സാക്ഷരതാ പദ്ധതി വിഹിതം വനിത റെഡിമെയ്ഡ് യൂണിറ്റിന് വക മാറ്റിയത്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,79,04,971 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,70,00,254 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 200945/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 8078779/- |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 18299/- | ശ്രീ.അനിൽകുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ. |
| 3-7(1) | | 22324/- | ഡോ. പമീല, മെഡിക്കൽ ഓഫീസർ (ആയൂർവേദം) |
| 3-7(2) | | 1,50,000/- | ഡോ.അനുജി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-7 (3) | | 10322/- | ഡോ.സുനിൽ.ആർ, മെഡിക്കൽ ഓഫീസർ (ആരോഗ്യം) |
| 3-8 | | 9600/- | ശ്രീമതി. ഗംഗ. പി, പ്രധാനഅദ്ധ്യാപിക. |
| ആകെ | | 200945/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 67,600 | ബിന്ദു സാറാ എബ്രഹാം, കൃഷി ഓഫീസർ |
| 3-6 | 3,00,000 | ശ്രീദേവി.പി, അസിസ്റ്റന്റ് സെക്രട്ടറി. |
| 3-8 | 9,600 | ഗംഗ. പി, പ്രധാനാധ്യാപിക |
| 3-10 | 4,24,000 | ഗംഗ.പി, പ്രധാന അദ്ധ്യാപിക. |
| | 72,77,579 | പി.സുരേഷ് പ്രഭു, സെക്രട്ടറി |
| ആകെ. | 80,78,779 | |

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനിൽകുമാർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ. | അസിസ്റ്റന്റ് എഞ്ചിനീയർ<br>ചിങ്ങോലി ഗ്രാമപഞ്ചായത്ത്. | കുന്നംപുറത്ത് വീട്,<br>പുലിയൂർ,<br>പരുത്തിക്കുഴി പി.ഒ,<br>നെടുമങ്ങാട്. |
| ഡോ. പമീല,<br>മെഡിക്കൽ ഓഫീസർ (ആയുർവേദം) | ചീഫ് മെഡിക്കൽ ഓഫീസർ,<br>ഗവ.ആയുർവേദ ഡിസ്പൻസറി,<br>ചിങ്ങോലി ഗ്രാമപഞ്ചായത്ത്. | കളത്തിൽ മൻസിൽ,<br>കൊറ്റുകുളങ്ങര, കായംകുളം. |
| ഡോ. അനുജി.<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ)<br>വിഴിഞ്ഞം | EUNICE,<br>മുളവല്ലൂർകോണം,<br>പള്ളിച്ചൽ,<br>വെടിവെച്ചാൻകോവിൽ (പി.ഒ.)<br>തിരുവനന്തപുരം |
| ഡോ. സുനിൽ. ആർ.<br>മെഡിക്കൽ ഓഫീസർ (ആരോഗ്യം) | മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി),<br>ചിങ്ങോലി ഗ്രാമപഞ്ചായത്ത്. | അമ്പിളിഭവനം,<br>മഹാദേവികാട്. |
| ശ്രീമതി. ഗംഗ. പി.<br>പ്രധാനഅദ്ധ്യാപിക. | പ്രധാന അദ്ധ്യാപിക,<br>ചൂരവിള എൽ.പി.എസ്,<br>ചിങ്ങോലി. | ഹരിശ്രീ,<br>ചിങ്ങോലി. പി.ഒ. |
| ശ്രീമതി. ശ്രീദേവി.പി<br>അസിസ്റ്റന്റ് സെക്രട്ടറി. | സെക്രട്ടറി,<br>ബുധനൂർ ഗ്രാമപഞ്ചായത്ത്. | പെരുംകുന്നത്ത്,<br>മുതുകുളം സൌത്ത് പി.ഒ. |
| ശ്രീമതി. ബിന്ദു സാറാ എബ്രഹാം,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>ചിങ്ങോലി ഗ്രാമപഞ്ചായത്ത് | ഏലംകാട്ടിൽ,<br>നങ്ങ്യാർകുളങ്ങര പി. ഒ |
| സുരേഷ് പ്രഭു, സെക്രട്ടറി | ചിങ്ങോലി ഗ്രാമപഞ്ചായത്ത് | അശ്വതി,<br>പെരുങ്ങാല (പി.ഒ.)<br>കായംകുളം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| | |
| 1997-98 | എൽ.എഫ്.ജി.എ5-1862/11, തീയതി - 28.01.12 |
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1862/11, തീയതി. 28.01.12 |
| 2006-07, 2007-08, 2008-09, 2009-10 | എൽ.എഫ്.ജി.എ5-1577/14, തീയതി – 12.05.14 |
| 2010-11 | എൽ.എഫ്.എ.പി3-652/12/19.09.12/02.11.12 |
| 2011-12 | എൽ.എഫ്.എ. പി.3-710/14/18.07.2014 |
| 2012-13 | എൽ.എഫ്.എ.പി-11/414/15/03.03.15/07.05.15 |
| 2013-14 | കെ.എസ്.എ.എ.പി.ഇസഡ്/പി11-1036/2015, തീയതി – 03.09.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി11-766/2016, തീയതി – 07.07.16 |
| 2015-16 | കെ. എസ്.എ-എ.എൽ.പി-പി1-1257/16തീ.2.11.16 |

ഡെപ്യൂട്ടി ഡയറക്ടർ
ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി-പി11-861/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 06.07.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P11-861/17

Kerala State Audit Department,

District Audit Office, Alappuzha.

Date: 06.07.2017

## *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Chingoli Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Chingoli Gramapanchayat for the year 2016-17except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha